നം. എ2/1633/2014/ടിബിഭ

പാഠപുസ്തക ആഫീസറുടെ കാര്യാലയം,
പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം,
തീയതി: 01.10.2015.

പാഠപുസ്തക ആഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-2015-16 – രണ്ടാം വാല്യം പാഠപുസ്തക വിതരണം സുഗമമാക്കുന്നതിന് കെ.ബി.പി.എസിന് സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നത്-സംബന്ധിച്ച്.

സൂചന :- 28.9.2015 തീയതിയിലെ കെബിപിഎസ് മാനേജിംഗ് ഡയറക്ടറുടെ കത്ത് നം. ടിബിഡി/2/15.

2015-16 അദ്ധ്യയന വർഷത്തെ രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണ പ്രക്രിയ 1.10.2015 ന് തുടങ്ങുന്ന വിവരം സൂചന കത്ത് പ്രകാരം കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി താഴെ സൂചിപ്പിച്ചിട്ടുള്ള സൗകര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കെ.ബി.പി.എസിന് ചെയ്തു കൊടുക്കേണ്ടതാണ്.

1. ഡിപ്പോ റൂമും ഹാളും ഷെഡ്ഡുകളും മറ്റും ഏകജാലക സംവിധാനത്തിലുള്ള വയനാട്, കാസർഗോഡ്, തൃശൂർ, കോട്ടയം (പൊൻകുന്നം), പത്തനംതിട്ട (തിരുവല്ല), കൊല്ലം, എറണാകുളം (ആലുവ) എന്നിവിടങ്ങളിലെ ഓഫീസ് റൂമിന്റെയും ഗേറ്റിന്റെയും താക്കോൽ കെ.ബി.പി.എസിനെ ഏൽപിക്കേണ്ടതാണ്. ഈ താക്കോലുകൾ വിതരണം കഴിഞ്ഞാലുടൻ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ ഏൽപിക്കേണ്ടതാണ്.
2. വിതരണ പ്രക്രിയ അവധി ദിവസങ്ങളിൽ കൂടി തുടരേണ്ടതിനാൽ ഒക്ടോബർ മാസത്തെ 25 വരെയുള്ള അവധി ദിവസങ്ങൾ സമയക്രമം നോക്കാതെ പാഠപുസ്തകം സ്വീകരിക്കുവാൻ ബന്ധപ്പെട്ട സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണത്തിന് യാതൊരു തടസ്സവും സൃഷ്ടിക്കാത്ത തരത്തിൽ ബന്ധപ്പെട്ട കെ.ബി.പി.എസിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതും അതനുസരിച്ച് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്കൂൾ തലത്തിൽ സുഗമമായി വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പാഠപുസ്തക ആഫീസർക്കു വേണ്ടി

പകർപ്പ് :- എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

പുറത്തെഴുത്ത് നം D2/ 307/15 തീയതി 1/10/2015

പകർപ്പ് ജില്ലാ/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്ക് അറിവിലേക്കും തുടർന്നുള്ള നടപടി സ്വീകരിക്കുന്നതിനായി അയക്കുന്നു.

എല്ലാ പ്രധാനാധ്യാപകർക്കും.

ഒക്ടോബർ 25 വരെ സമയക്രമം (അവധി ദിവസങ്ങളുൾപ്പെടെ)
നോക്കാതെ
പാഠപുസ്തകം സ്വീകരിക്കാൻ
പ്രധാനാധ്യാപകർ നടപടികൾ സ്വീകരിക്കേണ്ടതാണ്

7/10